2026
FEBRUARY
24
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
Home Delivery

# തപാൽ മേഖലയിലെ സഹകരണം ഇന്ത്യയും ബ്രസീലും ധാരണാപത്രം ഒപ്പുവെച്ചു

**ന്യൂഡൽഹി:** തപാൽ സേവനങ്ങൾ, ഡിജിറ്റൽ പരിവർത്തനം, എല്ലാവരെയും ഉൾക്കൊള്ളുന്ന സേവന വിതരണം എന്നിവയിൽ ഉഭയകക്ഷി സഹകരണം ശക്തമാക്കുന്ന സുപ്രധാന നീക്കവുമായി ഇന്ത്യയും ബ്രസീലും തപാൽ മേഖലയിലെ സഹകരണം സംബന്ധിച്ച ധാരണാപത്രത്തിൽ ഒപ്പുവെച്ചു. ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവയുടെ ഇന്ത്യ സന്ദർശനത്തിനിടെ കേന്ദ്ര കമ്യൂണിക്കേഷൻസ് മന്ത്രി ജ്യോതിരാദിത്യ എം. സിന്ധ്യയും ബ്രസീൽ വാർത്താവിനിമയ മന്ത്രി ഫ്രെഡറിക്കോ ഡി സിക്വീറ ഫിലോയും ചേർന്നാണ് ധാരണാപത്രത്തിൽ ഒപ്പുവെച്ചത്.



ഇന്ത്യയിലെ തപാൽ വകുപ്പും ബ്രസീലിലെ വാർത്താവിനിമയ മന്ത്രാലയവും തമ്മിലെ തന്ത്രപരമായ പങ്കാളിത്തം വർധിപ്പിക്കാനും തപാൽ മേഖലയിലെ അറിവുകൾ കൈമാറാനും വഴിയൊരുക്കുന്ന സമഗ്ര ചട്ടക്കൂട് ധാരണയിലൂടെ ഉറപ്പാക്കുന്നു.തപാൽ മേഖലയിലെ നയങ്ങളിലും പ്രവർത്തനങ്ങളിലും മികച്ച മാതൃകകളുടെയും വൈദഗ്ധ്യത്തിന്റെയും കൈമാറ്റം, സാർവത്രിക സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിലും മേൽവിലാസ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിലും സഹകരണം, ഡിജിറ്റൽ പരിവർത്തനം, ഇകൊമേഴ്സ് ലോജിസ്റ്റിക്സ്, തപാൽ സാമ്പത്തിക സേവനങ്ങൾ എന്നീ മേഖലകളിലെ പങ്കാളിത്തം, ശേഷി വികസനം, പരിശീലനം, സാങ്കേതിക വിനിമയങ്ങൾ, പരസ്പര തല്പര സംയുക്ത സംരംഭങ്ങളും തന്ത്രപ്രധാന പദ്ധതികളും, യൂണിവേഴ്സൽ പോസ്റ്റൽ യൂണിയൻ ഉൾപ്പെടെ ബഹുതല വേദികളിലെ മികച്ച ഏകോപനം, എല്ലാവരെയും ഉൾക്കൊള്ളുന്നതും സുസ്ഥിരവുമായ വളർച്ചയ്ക്ക് ദക്ഷിണമേഖല രാഷ്ട്രങ്ങൾക്കിടയിലെ പരസ്പര സഹകരണത്തിന്റെ പ്രോത്സാഹനം, ഉദ്യോഗസ്ഥരുടെയും വിദഗ്ധരുടെയും സന്ദർശനങ്ങൾ, സംയുക്ത ശിൽപ്പശാലകൾ, പരിശീലന പരിപാടികൾ, കൃത്യമായ വിവരശേഖരണം എന്നിവയിലൂടെയാണ് പങ്കാളിത്തം നടപ്പാക്കുക. തപാൽ സംവിധാനങ്ങൾ ആധുനികവൽക്കരിക്കാനും അവയെ സാമ്പത്തിക വളർച്ചയുടെയും സാമ്പത്തിക ഉൾച്ചേർക്കലിന്റെയും താഴെത്തട്ടിലെ സേവന വിതരണത്തിന്റെയും ചാലകശക്തികളാക്കി മാറ്റാനും ധാരണാപത്രത്തിലൂടെ ഇരു രാജ്യങ്ങളും ലക്ഷ്യമിടുന്നു. ഡിജിറ്റൽ സേവനങ്ങൾ, ഇകൊമേഴ്സ് ലോജിസ്റ്റിക്സ്, ജനകേന്ദ്രീകൃത പൊതുസേവന വിതരണം എന്നിവയുൾപ്പെടെ തപാൽ മേഖലയിലെ വിപുലമായ പരിവർത്തനത്തിലെ അനുഭവങ്ങൾ ഇന്ത്യ പങ്കുവെയ്ക്കും. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന വിപണി സാഹചര്യത്തിൽ തപാൽ സേവനദാതാക്കളുടെ സാമ്പത്തിക സുസ്ഥിരതയും പ്രവർത്തനക്ഷമതയും വർധിപ്പിക്കാൻ കരാർ സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രാഥമികമായി അഞ്ചു വർഷത്തേക്ക് പ്രാബല്യത്തിൽ വരുന്ന ധാരണാപത്രം തുടർന്ന് സ്വയം പുതുക്കപ്പെടും. ഇരുരാജ്യങ്ങളിലെയും നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും അനുസൃതമായാണ് ഇതിന്റെ നിർവഹണം.

# തിരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ ദേശീയ വട്ടമേശ സമ്മേളനം ഇന്ന്

**ന്യൂഡൽഹി:** തിരഞ്ഞെടുപ്പ് കമ്മീഷന്റെ നേതൃത്വത്തിൽ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ ദേശീയ വട്ടമേശ സമ്മേളനം സംഘടിപ്പിക്കും. 27 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് വട്ടമേശ സമ്മേളനം നടക്കുന്നത്. 1999 ലാണ് ഇത്തരമൊരു സമ്മേളനം അവസാനമായി നടന്നത്.

മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ വട്ടമേശ സമ്മേളനത്തിന് അധ്യക്ഷത വഹിക്കും.തെരഞ്ഞെടുപ്പ് കമ്മീഷണർമാരായ ഡോ. സുഖ്ബീർ സിംഗ് സന്ധു, ഡോ. വിവേക് ജോഷി എന്നിവരും സന്നിഹിതരായിരിക്കും.

എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർമാരും അവിടങ്ങളിലെ നിയമസാങ്കേതിക വിദഗ്ധരും പങ്കെടുക്കും. അതത് നിയമ ചട്ടക്കൂടുകൾക്കുള്ളിലായി തിരഞ്ഞെടുപ്പ് പ്രക്രിയകളുമായും ലോജിസ്റ്റിക്സുമായും ബന്ധപ്പെട്ട് ഇ.സി.ഐ.യുടെയും എസ്.ഇ.സി.യുടെയും പ്രവർത്തനത്തിൽ സമന്വയം പ്രോത്സാഹിപ്പിക്കുക എന്നതാണ് വട്ടമേശ സമ്മേളനത്തിന്റെ പ്രാഥമിക ലക്ഷ്യം. സാങ്കേതികവിദ്യ, ഇവിഎമ്മുകൾ, വോട്ടർ പട്ടിക എന്നിവയുടെ പങ്കിടൽ, തിരഞ്ഞെടുപ്പ് പ്രക്രിയകൾ ശക്തിപ്പെടുത്തൽ എന്നിവ സംബന്ധിച്ചാകും പ്രധാന ചർച്ച തിരഞ്ഞെടുപ്പ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിൽ അടുത്തിടെ ആരംഭിച്ച ഇസിനെറ്റ് ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ സാധ്യതകൾ എന്നിവയുൾപ്പെടെ പ്രധാന സാങ്കേതികവും പ്രവർത്തനപരവുമായ സംരംഭങ്ങളെക്കുറിച്ച് കമ്മീഷനിലെ മുതിർന്ന ഉദ്യോഗസ്ഥർ അവതരണങ്ങൾ നടത്തും.

ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ (ഇവിഎമ്മുകൾ) വിശ്വാസ്യത, സുതാര്യത, സുരക്ഷ എന്നിവയെക്കുറിച്ചും അവതരണങ്ങൾ നടത്തും.

# സംസ്ഥാന ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചു

**തിരുവനന്തപുരം:** സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പന്ത്രണ്ടാം ശമ്പള പരിഷ്കരണ കമ്മീഷനെ സർക്കാർ നിയമിച്ചു. മുൻ ചീഫ് സെക്രട്ടറി ഡോ. വി.പി ജോയി ആണ് ചെയർമാൻ. അഡ്വ. എം രാജഗോപാലൻ നായർ, റിട്ട. അഡീഷണൽ സെക്രട്ടറി ശ്രീലത സുകുമാരൻ എന്നിവരാണ് അംഗങ്ങൾ. സംസ്ഥാന ബജറ്റിൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായി പന്ത്രണ്ടാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. റിപ്പോർട്ട് മൂന്ന് മാസത്തിനകം ലഭ്യമാക്കണമെന്ന് കമ്മീഷനോട് നിർദ്ദേശിച്ചതായി ധനകാര്യ മന്ത്രി കെ.എൻ ബാലഗോപാൽ വ്യക്തമാക്കി. അത് സമയബന്ധിതമായി നടപ്പാക്കും. കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ വ്യക്തമാക്കിക്കൊണ്ട് പ്രത്യേക ഉത്തരവും ഉടൻ ഇറങ്ങും.

# മികച്ച പൊതുമേഖലാ സ്ഥാപനം : കൊച്ചി കപ്പൽ നിർമ്മാണ ശാലയ്ക്ക് പുരസ്കാരം

**കൊച്ചി:** ഓൾ ഇന്ത്യ മാനേജ്മെന്റ് അസോസിയേഷൻ (എ.ഐ.എം.എ) ലീഡർഷിന്റെ ഈ വർഷത്തെ എക്സലൻസ് പുരസ്കാരങ്ങളിലെ മികച്ച പൊതുമേഖല സ്ഥാപനങ്ങൾക്കുള്ള അവാർഡിന് കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയത്തിന് കീഴിലുള്ള കൊച്ചി കപ്പൽ നിർമ്മാണ തിരഞ്ഞെടുക്കപ്പെട്ടു. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര മന്ത്രി ധർമ്മേന്ദ്ര പ്രധാനിൽ നിന്നും കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് ഡയറക്ടർ (ഓപ്പറേഷൻസ്) ഡോ. എസ് ഹരികൃഷ്ണൻ പുരസ്കാരം ഏറ്റുവാങ്ങി.

പ്രവർത്തന മികവ്, തന്ത്രപരമായ നേതൃത്വം, ഭരണനിർവ്വഹണം, സമുദ്ര ഉൽപാദന മേഖലയിലെ സുസ്ഥിര വളർച്ച എന്നിവയിൽ കൊച്ചി കപ്പൽശാലയുടെ മാതൃകാപരമായ പ്രകടനത്തിനുള്ള അംഗീകാരമാണ് ഈ പുരസ്കാരം. വ്യവസായ നേതൃത്വം, നൂതനാശയങ്ങൾ , ആഗോളതലത്തിൽ ഇന്ത്യയുടെ കപ്പൽ നിർമാണ ശേഷിയിലെ നിർണായക പങ്ക് എന്നിവയിലെ കാരക്ഷമതയാണ് അവാർഡിന് അർഹമാക്കിയത്. നിരന്തരമായ സാങ്കേതിക നവീകരണം, തന്ത്രപരമായ പങ്കാളിത്തം, സാമൂഹ്യ വികസന സംരംഭങ്ങൾ എന്നിവയിലൂടെ ആഗോള സമുദ്ര ഉൽപാദന കേന്ദ്രമെന്ന നിലയിൽ ഇന്ത്യയുടെ സ്ഥാനം ശക്തിപ്പെടുത്താനുള്ള കമ്പനിയുടെ കാഴ്ചപ്പാട് ഊട്ടി ഉറപ്പിക്കുന്നതാണ് പുരസ്ക്കാരമെന്ന് ഡോ. എസ് ഹരികൃഷ്ണൻ പറഞ്ഞു.

# ഇന്നത്തെ പരിപാടി

## കൊച്ചി

■ **ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം :** ഇടപ്പള്ളി സീനിയർ സിറ്റിസൺ ഫോറം അംഗങ്ങളുടെ പരിപാടികൾ വൈകുന്നാരം 5.30ന്.

■ **എറണാകുളം ടൗൺ ഹാൾ :** ഇന്റർനാഷണൽ ഹെയർ സ്റ്റൈലിസ്റ്റ് ജാവേദ് ഹബീബ് നേതൃത്വം നൽകുന്ന ശിൽപ്പശാല രാവിലെ 10ന്.

## തൃപ്പൂണിത്തുറ

■ **ഗവ. സംസ്കൃത കോളേജ് ഓഡിറ്റോറിയം :** പരിക്ഷത്ത് സ്മാരക പ്രഭാഷണം രാവിലെ 10ന്.

## കളമശേരി

■ **ടിഡിഎം ഹാൾ : പുസ്തക പ്രകാശനം** ' വെറുതെ ചിലര്' വൈകിട്ട് 6ന്.

## വടുതല

■ **വടുതല ശ്രീമൽ ഗണപതി ദേവസ്ഥാനം :** മഹോത്സവം രാവിലെ 9 മുതൽ.

## പെരുമ്പാവൂർ

■ **കിഴില്ലം പെരുംതൃക്കോവിൽ മഹാദേവ ക്ഷേത്രം** : തിരുവുത്സവം-ഓട്ടൻ തുള്ളൽ, ബാലെ രാത്രി 7.30ന്.

ഷൂട്ട് @ സൈറ്റ്



**അന്നം തേടി......** കൊച്ചിക്കായലിൽ മൽസ്യബന്ധനത്തിനായി പോകുന്ന മൽസ്യതൊഴിലാളി.

*ഫോട്ടോ- എ.എസ് സതീഷ്*

# സംരംഭക വർഷം പദ്ധതി: ആരംഭിച്ചത് നാല് ലക്ഷത്തിലധികം പുതിയ സംരംഭം; 27,222 കോടി രൂപയുടെ നിക്ഷേപം

**കൊച്ചി:** സംസ്ഥാന സർക്കാർ നടപ്പിലാക്കിയ 'സംരംഭക വർഷം'പദ്ധതിയുടെ ഭാഗമായി കേരളത്തിൽ നാല് ലക്ഷത്തിലധികം പുതിയ സംരംഭങ്ങൾ തുടങ്ങിയതായി വ്യവസായ വകുപ്പ് മന്ത്രി പി രാജീവ്. സംരംഭക വർഷം (ഇയർ ഓഫ് എന്റർപ്രൈസസ്) പദ്ധതിയുടെ വിജയാഘോഷത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

2022 ഏപ്രിൽ ഒന്നു മുതൽ 2026 ഫെബ്രുവരി 20 വരെയുള്ള കണക്കുകൾ പ്രകാരം 4,06,976 പുതിയ സംരംഭങ്ങളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തത്. ഇതിലൂടെ 27,222 കോടി രൂപയുടെ നിക്ഷേപവും 8,67,017 പേർക്ക് തൊഴിലും നൽകാൻ സാധിച്ചുവെന്നും മന്ത്രി വ്യക്തമാക്കി.

ആകെ തുടങ്ങിയ സംരംഭങ്ങളിൽ 1,28,852 എണ്ണം വനിതകളുടേതാണെന്നത് പദ്ധതിയുടെ വലിയ നേട്ടമാണ്. വ്യാപാര മേഖലയിൽ 1.78 ലക്ഷവും, സേവന മേഖലയിൽ 1.74 ലക്ഷവും, ഉത്പാദന മേഖലയിൽ 54,895ഉം യൂണിറ്റുകൾ വീതമാണ് പ്രവർത്തനമാരംഭിച്ചത്. എറണാകുളം, മലപ്പുറം, തിരുവനന്തപുരം ജില്ലകളാണ് സംരംഭങ്ങളുടെ എണ്ണത്തിൽ മുന്നിൽ നിൽക്കുന്നത്. സംരംഭകർക്ക് കൈത്താങ്ങായി നാല് ശതമാനം പലിശയിൽ ലോൺ ലഭ്യമാക്കുന്ന കെ.ഇ.എൽ.എസ് പദ്ധതി, എം എസ് എം ഇ ഇൻഷുറൻസ്, 1153 എന്റർ പ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുമാരുടെ സേവനം, താലൂക്ക് തലത്തിലുള്ള റിസോഴ്സ് പേഴ്സൺമാർ എന്നിവർ വഴി സർക്കാർ ശക്തമായ പിന്തുണയാണ് നൽകുന്നത്. കൂടാതെ, തിരഞ്ഞെടുത്ത 1000 സംരംഭങ്ങളെ ശരാശരി 100 കോടി വിറ്റുവരവുള്ള കമ്പനികളായി വളർത്തുന്ന 'മിഷൻ 1000' പദ്ധതിയും പുരോഗമിക്കുകയാണെന്നും മന്ത്രി പറഞ്ഞു. 'കേരള ബ്രാൻഡ്' വഴി ആഗോള വിപണിയിൽ കേരളീയ ഉൽപ്പന്നങ്ങൾക്ക് പ്രത്യേക വ്യക്തിത്വം നൽകുമെന്നും, സ്വകാര്യ വ്യവസായ പാർക്കുകളിലൂടെ കൂടുതൽ നിക്ഷേപം കൊണ്ടുവന്ന് കേരളത്തെ സുസ്ഥിരമായ വ്യവസായ സൗഹൃദ സംസ്ഥാനമായി മാറ്റുമെന്നും മന്ത്രി പറഞ്ഞു.

വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എ.പി എം മുഹമ്മദ് ഹനീഷ്,വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ പി.വിഷ്ണുരാജ് തുടങ്ങിയവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ഡോ. ഊർമിള സോമന് 'മാസ്റ്റർ സർജൻ ഇൻ റോബോട്ടിക് സർജറി' അംഗീകാരം

**കൊച്ചി:** ഇന്ത്യയിലെ ആദ്യത്തെ എസ്.ആർ.സി അംഗീകൃത 'മാസ്റ്റർ സർജൻ ഇൻ റോബോട്ടിക് സർജറി' പദവിക്ക് അർഹയായി കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലെ മിനിമലി ഇൻവേസീവ് ആൻഡ് റോബോട്ടിക് ഗൈനക്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റായ ഡോ. ഊർമിള സോമൻ. ആഗോള സന്നദ്ധ സംഘടനയായ സർജിക്കൽ റിവ്യൂ കോർപ്പറേഷൻ (എസ്.ആർ.സി) നൽകുന്ന ഈ അംഗീകാരം, അന്താരാഷ്ട്ര നിലവാരത്തിലുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് മികച്ച രീതിയിൽ റോബോട്ടിക് ശസ്ത്രക്രിയകൾ പൂർത്തിയാക്കിയതിലൂടെയാണ് ഡോ. ഊർമിളയെ തേടിയെത്തിയത്.



ലാപ്രോസ്കോപ്പിക് ഗൈനക്കോളജി സർജറിയിൽ 23 വർഷത്തിലേറെ പരിചയസമ്പത്തുള്ള ഡോ. ഊർമിള, കേവലം 10 മാസത്തിനുള്ളിൽ 100 റോബോട്ടിക് ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തിയാക്കിയ രാജ്യത്തെ ആദ്യത്തെ ഗൈനക്കോളജിസ്റ്റ് എന്ന റെക്കോർഡിനും ഉടമയാണ്.

# നിർമിതബുദ്ധി സാംസ്കാരിക പരിവർത്തനത്തിന്റെ സൂചന: ചീഫ് ജസ്റ്റിസ് സൗമൻ സെൻ

**കൊച്ചി:** നിർമിതബുദ്ധി വലിയൊരു സാംസ്കാരിക പരിവർത്തനത്തിന്റെ സൂചനയാണെന്ന് കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് സൗമൻ സെൻ. കൊച്ചി നുവാൽസിലെ എം. കെ. ദാമോദരൻ അന്താരാഷ്ട്ര നിയമ മികവ് കേന്ദ്രം സംഘടിപ്പിച്ച സർക്കാർ അഭിഭാഷകർക്കായുള്ള പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു നുവാൽസ് ചാൻസലർ കൂടിയായ അദ്ദേഹം. നിർമിതബുദ്ധിയും നാലാം വ്യവസായ വിപ്ലവവും ചേർന്ന് സൃഷ്ടിക്കുന്ന അഭൂതപൂർവമായ ആഗോള മാറ്റങ്ങളോടുള്ള സമയോചിത പ്രതികരണമാണ് ഈ പരിശീലന പരിപാടിയെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.



ഭരണകൂട അധികാരവും ഭരണഘടനാപരമായ ഉത്തരവാദിത്തവും തമ്മിൽ ചേരുന്നിടത്താണ് സർക്കാർ അഭിഭാഷകർ നിലകൊള്ളുന്നതെന്നും, സംസ്ഥാന അധികാരം ഭരണഘടനാ ചട്ടക്കൂടിനുള്ളിൽ നീതിപൂർവ്വം വിനിയോഗിക്കപ്പെടുന്നു എന്നുറപ്പാക്കേണ്ടത് അവരുടെ നിർണായക ചുമതലയാണെന്നും അദ്ദേഹം വ്യക്തമാക്കി. നിയമ ഗവേഷണം, വ്യവഹാര തന്ത്രം, രേഖകൾ തയ്യാറാക്കൽ തുടങ്ങിയവയിൽ കാര്യക്ഷമത വർധിപ്പിക്കാൻ നിർമിതബുദ്ധിക്ക് കഴിവുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. അതേസമയം ഡീപ്ഫേക്ക് സാങ്കേതികവിദ്യ, സിന്തറ്റിക് തെളിവുകൾ, കൃത്രിമ രേഖകൾ എന്നിവ നീതിന്യായ നടപടികളുടെ വിശ്വാസ്യതയെ ഗുരുതരമായി ബാധിക്കുമെന്ന് മുന്നറിയിപ്പ് നൽകി. നുവാൽസ് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ജി ബി റെഡ്ഡി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. അഡ്വക്കറ്റ് ജനറൽ കെ. ഗോപാലകൃഷ്ണ കുറുപ്പ്, സ്റ്റേറ്റ് അറ്റോർണിയും നുവാൽസ് എക്സിക്യൂട്ടിവ് കൗൺസിൽ അംഗവുമായ എൻ മനോജ് കുമാർ, പ്രൊഫ എസ്. മിനി സംസാരിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# വികസനത്തിൽ രാഷ്ട്രീയമില്ല : മുഖ്യമന്ത്രി

**കൊച്ചി:** വികസന കാര്യങ്ങളിൽ രാഷ്ട്രീയം നോക്കാതെ നാടിന്റെ പുരോഗതിക്കാണ് സർക്കാർ മുൻഗണന നൽകുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പുല്ലുവഴിതായ്ക്കരച്ചിറ പാലവും, പാനേക്കാവ് പാലവും നാടിന് സമർപ്പിച്ചുകൊണ്ട് ഓൺലൈനായി നടന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് ഓൺലൈനിലൂടെ അദ്ധ്യക്ഷത വഹിച്ചു. എൽദോസ് കുന്നപ്പിള്ളി എം.എൽ.എ ശിലാഫലകം അനാച്ഛാദനം ചെയ്തു. പെരുമ്പാവൂർ മണ്ഡലത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിൽ ഈ പാലങ്ങൾ നിർണ്ണായക പങ്കുവഹിക്കുമെന്ന് എൽദോസ് കുന്നപ്പിള്ളി എം.എൽ.എ പറഞ്ഞു.

പ്രദേശത്തെ ജനങ്ങളുടെ ദീർഘകാലത്തെ കാത്തിരിപ്പിനാണ് പാലം പൂർത്തിയായതോടെ വിരാമമായത്. അപകടങ്ങൾ തുടർക്കഥയായ സാഹചര്യത്തിൽ പഴയ പാലവും പുതിയപാലവും ഒറ്റപ്പാലം ആക്കണമെന്ന ആവശ്യം കണക്കിലെടുത്താണ് പുതിയ പാലം യാഥാർത്ഥ്യമായത്. പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ മികച്ച നിലവാരത്തിലാണ് പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയത്. കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി. വി. സുനിൽ, രായമംഗലം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ഗോപാലകൃഷ്ണൻ, ജില്ലാ പഞ്ചായത്ത് മെമ്പർ മുബാസ് ഓടക്കാലി, രായമംഗലം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോയ് പൂണേലി, കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ എൽദോ മാത്യു, മാത്യൂസ് ജോസ് തരകൻ, രായമംഗലം ഗ്രാമ പഞ്ചായത്ത് മെമ്പർമാരായ ഐസക് തുരുത്തിയിൽ, റ്റിൻസി ബാബു, ഡെയ്സി അനിൽ, പൊതുമരാമത്ത് വകുപ്പ്, പാലങ്ങൾ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എസ് ജെ സജിന, അസിസ്റ്റന്റ് എഞ്ചിനീയർ കെ സി ഷൈനി, മുൻ ജില്ലാ പഞ്ചായത്ത് മെമ്പർ ശാരദ മോഹൻ, മുൻ രായമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൻ. പി. അജയകുമാർ, വർഗീസ് പുല്ലുവഴി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# കടമക്കുടിയിലെ റോഡ് വികസനത്തിന് ഭരണാനുമതി; ഭൂമി ഏറ്റെടുക്കൽ നെഗോഷ്യേറ്റഡ് പർച്ചേസ് വഴി

**കൊച്ചി:** കടമക്കുടി പഞ്ചായത്തിലെ വീതി കുറഞ്ഞ റോഡുകൾ പുനർനിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകി. നെഗോഷ്യേറ്റഡ് പർച്ചേസ് വഴി ഭൂമി ഏറ്റെടുത്ത് റോഡുകൾ വികസിപ്പിക്കാൻ ഗോശ്രീ ദ്വീപ് വികസന അതോറിറ്റിക്കാണ് അനുമതി ലഭിച്ചതെന്ന് കെ.എൻ. ഉണ്ണികൃഷ്ണൻ എം.എൽ.എ അറിയിച്ചു. വലിയ കടമക്കുടി ചാത്തനാട് പാലം ഗതാഗതത്തിനായി തുറന്നു കൊടുക്കുന്നതോടെ പ്രദേശത്തുണ്ടാകാൻ സാധ്യതയുള്ള വലിയ തിരക്ക് മുൻകൂട്ടി കണ്ടാണ് റോഡുകളുടെ വീതി 9 മീറ്ററായി വർദ്ധിപ്പിക്കുന്നത്. ആദ്യഘട്ടത്തിൽ പിഴലയിലെ 550 മീറ്റർ റോഡ്, ചരിയംതുരുത്ത് ഫെറി പുതുശ്ശേരി ഡിസൂസ റോഡ്, കടമക്കുടി സൗത്ത് റോഡ്, കടമക്കുടി നോർത്ത് റോഡ് എന്നിവയുടെ വീതിയാണ് വർദ്ധിപ്പിക്കുന്നത്. ഇതിനായി യഥാക്രമം 27.69 ആർ, 30.92 ആർ, 61.84 ആർ, 17.37 ആർ എന്നിങ്ങനെ വിസ്തീർണ്ണത്തിൽ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഓരോ റോഡിന്റെയും വികസനത്തിനായി 10 കോടി രൂപ വീതമാണ് ജിഡ വകയിരുത്തിയിരിക്കുന്നത്.

ജിഡ 2000 ൽ നിർമ്മിച്ച മൂലമ്പിള്ളി പിഴല പാലം വഴിയുള്ള യാത്രയ്ക്കും റോഡുകളുടെ പുനർ നിർമാണം അനിവാര്യമാണ്. കിഫ്ബി 43 കോടി മുടക്കിൽ നിർമ്മിക്കുന്ന പിഴല കടമക്കുടി പാലം നിർമ്മാണം ആരംഭിക്കാനും ഈ റോഡുകളുടെ പുനർ നിർമ്മാണം ആവശ്യമാണ്. പദ്ധതിക്കായി സ്ഥലം വിട്ടുനൽകുന്ന ഭൂവുടമകൾ തങ്ങളുടെ സമ്മതപത്രം ജില്ലാ കളക്ടർ മുമ്പാകെ സമർപ്പിക്കേണ്ടതുണ്ടെന്നും എം.എൽ.എ അറിയിച്ചു.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള മുളന്തുരുത്തി അഡീഷണൽ ഐ സി ഡി എസ് പ്രോജക്ടിലെ 101 അങ്കണവാടികളിലേക്ക് പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റ് വാങ്ങി വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചു.

മാർച്ച് 4 ന് വൈകീട്ട് 3.30 വരെ ടെൻഡർ സ്വീകരിക്കും.

കൂടുതൽ വിവരങ്ങൾക്ക് മുളന്തുരുത്തി അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസുമായി ബന്ധപ്പെടാം. ഫോൺ: 0484-2786680, 9946001880.

## സാഹിത്യ പുരസ്കാരം സമ്മാനിച്ചു

**കൊച്ചി:** ഈ വർഷത്തെ ക്രൂസ് കോമ്രേഡ് സാഹിത്യ പുരസ്കാരം യാത്രികനും പത്രപ്രവർത്തകനുമായ കെ. ആർ അജയന് സമ്മാനിച്ചു. എറണാകുളം എംജി റോഡിലെ ഗ്രാന്റ് ഹോട്ടലിൽ നടന്ന കോൺക്ലേവിൽ മജീഷ്യൻ പ്രൊഫ. ഗോപിനാഥ് മുതുകാട് കെ. ആർ അജയന് പുരസ്കാരവും ക്യാഷ് അവാർഡും സമ്മാനിച്ചു. സാഹിത്യകാരൻ ജോൺ സാമുവൽ പ്രശസ്തി പത്രം നൽകി. ക്രൂസ് കോമ്രേഡ് ബ്രാന്റ് അംബാസിഡറും സിനിമ, സീരിയൽ കലാകാരനുമായ അനീഷ് രവി ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

കവി മുരുകൻ കാട്ടാക്കട, എഴുത്തുകാരൻ പ്രൊഫ. ടി ജെ ജോസഫ്, റോയൽ കരീബിയൻ ക്രൂസ് പ്രതിനിധി കിരൺ പ്രകാശ്, ക്രൂയിസ് കോമ്രേഡ് ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സൈമൺ അനിൽ ജോസ്, ഡയറക്ടർ പി.സി പൗലോസ്, ക്രൂസ് കോമ്രേഡ് ഇന്റർനാഷണൽ പ്രതിനിധികളായ ഫാത്തിമ, കൃഷ്ണപ്രിയ തുടങ്ങിയവർ സംസാരിച്ചു. കെ ആർ അജയൻ മറുപടി പ്രസംഗം നടത്തി.




*ക്രൂസ് കോമ്രേഡ് സാഹിത്യ പുരസ്കാരം മജീഷ്യൻ പ്രൊഫ. ഗോപിനാഥ് മുതുകാട് യാത്രികനും പത്രപ്രവർത്തകനുമായ കെ. ആർ അജയന് സമ്മാനിക്കുന്നു. സൈമൺ അനിൽ, അനീഷ് രവി, ജോൺ സാമുവൽ, പ്രൊഫ ടി. ജെ ജോസഫ്, മുരുകൻ കാട്ടക്കട എന്നിവർ സമീപം*

# ഇന്ത്യൻ ആംഗ്യഭാഷാ ശിൽപശാല സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചിമുസിരിസ് ബിനാലെയുടെ ഭാഗമായി കേരള മ്യൂസിയവുമായി സഹകരിച്ച് മ്യൂസിയം ഓഫ് ആർട്ട് ആൻഡ് ഫോട്ടോഗ്രാഫി ഇന്ത്യൻ ആംഗ്യഭാഷാ ശിൽപശാല സംഘടിപ്പിച്ചു. ഫോർട്ട് കൊച്ചി ഡച്ച് വെയർഹൗസിൽ നടക്കുന്ന ബിനാലെയിലെ ശ്രദ്ധേയമായ പ്രദർശനങ്ങളിലൊന്നായ അഫ്രഐസ്മയുടെ 'മൈൽഡ് ടൂത്ത് ഓഫ് മിൽക്കിന്റെ' ഭാഗമായാണ് പരിപാടി ഒരുക്കിയത്. 'ലേൺ ഐഎസ്എൽ കൊച്ചി എഡിഷൻ' എന്ന് പേരിട്ടിരിക്കുന്ന ശിൽപശാല മൂന്ന് സെഷനുകളിലായാണ് നടന്നത്. ശബ്ദങ്ങൾക്കപ്പുറം കൈകളും മുഖഭാവങ്ങളും ശാരീരിക ചലനങ്ങളും ഉപയോഗിച്ച് എങ്ങനെ ഫലപ്രദമായി ആശയവിനിമയം നടത്താമെന്ന് ഈ വർക്ക്ഷോപ്പ് വിശദമാക്കി. കേൾവി പരിമിതി ഉള്ളവരും അല്ലാത്തവരുമായ നിരവധി പേർ പങ്കെടുത്ത പരിപാടിയിൽ മ്യൂസിയം ഓഫ് ആർട്ട് ആൻഡ് ഫോട്ടോഗ്രാഫി സംഘാംഗങ്ങളായ ഹാർദീപ് സിംഗ്, അഭിരാമി പി.എസ് എന്നിവർ നേതൃത്വം നൽകി. എല്ലാ വിഭാഗക്കാർക്കും ഒരുപോലെ ആസ്വദിക്കാൻ കഴിയുന്ന ഒന്നാവണം കല എന്നും, അതിനാണ്



തങ്ങൾ ഇപ്പോൾ ഈ വർക്ക് ഷോപ്പിലൂടെ അവസരമൊരുക്കിയിരിക്കുന്നത് എന്നും മ്യൂസിയം ഓഫ് ആർട്ട് ആൻഡ് ഫോട്ടോഗ്രാഫി മാർക്കറ്റിംഗ് ആൻഡ് കമ്മ്യൂണിക്കേഷൻസ് ഹെഡ് സിദ്ധാർത്ഥ മേനോൻ പറഞ്ഞു. മൃദുവായ പരവതാനികൾ, കളിമൺ ശിൽപങ്ങൾ, വൈവിധ്യമാർന്ന തുണിത്തരങ്ങൾ എന്നിവയാണ് മൈൽഡ് ടൂത്ത് ഓഫ് മിൽക്ക് പ്രദർശനത്തിന്റെ പ്രധാന ആകർഷണം.

# ബ്രഹ്മാനന്ദൻ സ്മാരക പുരസ്കാരം ഗായിക സുജാതയ്ക്ക് സമ്മാനിച്ചു

**കൊച്ചി:** യേശുദാസിനും ജയചന്ദ്രനുമൊപ്പം മലയാളികൾ എന്നും ചേർത്ത് വയ്ക്കേണ്ട പേരാണ് കെ.പി ബ്രഹ്മാനന്ദന്റേതെന്ന് സംവിധായകൻ കമൽ. ബ്രഹ്മാനന്ദൻ സ്മാരക പുരസ്കാരം ഗായിക സുജാതയ്ക്ക് സമ്മാനിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ബ്രഹ്മാനന്ദനെ മലയാള സിനിമ ലോകം വിസ്മരിച്ചെന്നും യേശുദാസിനേയും ജയചന്ദ്രനേയും മലയാളികൾ ആഘോഷിക്കുമ്പോൾ ബ്രഹ്മാനന്ദൻ മാഷ് അരികുവൽക്കരിക്കപ്പെട്ടെന്നത് യാഥാർത്ഥ്യമാണെന്നും കമൽ പറഞ്ഞു. 50,000 രൂപയും ശിൽപവും അടങ്ങുന്ന പുരസ്കാരം കമലിൽ നിന്നും സുജാത ഏറ്റുവാങ്ങി. ശബരി ഗ്രൂപ്പ് ചെയർമാൻ പി. ശശികുമാർ സുജാതയെ പൊന്നാട ചാർത്തി ആദരിച്ചു. ബ്രഹ്മാനന്ദന്റെ എൺപതാം ജന്മദിന ആഘോഷങ്ങളുടെ ഭാഗമായിട്ടായിരുന്നു അവാർഡ് നിശ സംഘടിപ്പിച്ചത്.ബ്രഹ്മാനന്ദനെന്ന പേര് മലയാളികളുടെ മനസിൽ തങ്കലിപികൾ കൊണ്ട് അടയാളപ്പെടുത്തിയിരിക്കുമെന്ന് അവാർഡ് സ്വീകരിച്ച് ഗായിക സുജാത മോഹൻ പറഞ്ഞു. തനിക്ക് ലഭിച്ച അവാർഡ് തുക ബ്രഹ്മാനന്ദൻ സ്മാരകത്തിന്റെ പ്രവർത്തനങ്ങളിലേക്ക് സുജാത സംഭാവന ചെയ്തു.ഉഷ ബ്രഹ്മാനന്ദനും രവീന്ദ്രൻ മാസ്റ്ററിന്റെ ഭാര്യ ശോഭന രവീന്ദ്രനും ചേർന്ന് പരിപാടി ഉദ്ഘാടനം ചെയ്തു. ഗായകൻ യേശുദാസ് ഓൺലൈനായി പങ്കെടുത്ത് അനുസ്മരണ സന്ദേശം നൽകി. എഴുത്തുകാരൻ വി. ആർ. സുധീഷ്, സംഗീതജ്ഞരായ ബിജിബാൽ, വിജയ് യേശുദാസ്, ലുലു മീഡിയ ഹെഡ് എൻ.ബി സ്വരാജ് , സിനിമാ താരങ്ങളായ രഞ്ജിനി മേനോൻ, കൂട്ടിക്കൽ ജയചന്ദ്രൻ, സ്പോർട്ട്സ് കമന്റേറ്റർ ഷൈജു ദാമോദരൻ, തിരക്കഥാകൃത്ത് റോബിൻ തിരുമല , അവതാരകൻ ഗോവിന്ദൻ കുട്ടി തുടങ്ങിയവർ ചടങ്ങിൽ പ്രസംഗിച്ചു. തുടർന്ന് ബ്രഹ്മാനന്ദന്റെ മകൻ രാകേഷ് ബ്രഹ്മാനന്ദൻ നയിച്ച നീല നിശീഥിനി എന്ന സംഗീത നിശയും അരങ്ങേറി. വിജയ് യേശുദാസ് , ഇഷാൻ ദേവ് , സയനോര, അനൂപ് ശങ്കർ, വൃന്ദ മേനോൻ, ദിവ്യഎസ്. മേനോൻ, അൽക്ക അസ്കർ, വിജേഷ് ഗോപാൽ, ഫർഹാൻ നവാസ് തുടങ്ങിയ ഗായകർ ബ്രഹ്മനാന്ദന്റെ ഗാനങ്ങൾ പാടി.

സൊസൈറ്റി ടുഡേ
SOCIETY TODAY

# എം.എസ്.എം.ഇ. മേഖലയിൽ വൻ കുതിപ്പിനൊരുങ്ങി കേരളം




**കൊച്ചി:** സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിടഇടത്തരം സംരംഭങ്ങളുടെ (MSME) ആഗോള മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിനും കേന്ദ്രസംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾ സംരംഭകരിലേക്ക് എത്തിക്കുന്നതിനുമായി 'കോമ്പോസിറ്റ് കോംപറ്റിറ്റീവ്നെസ് അവയർനസ് വർക്ക്ഷോപ്പ്' സംഘടിപ്പിച്ചു. കൊച്ചി ലെ മെറിഡിയൻ ഹോട്ടലിൽ നടന്ന ശിൽപ്പശാല വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും കെ.ബി.ഐ.പി ചെയർമാനുമായ എ.പി.എം. മുഹമ്മദ് ഹനീഷ് ഉദ്ഘാടനം ചെയ്തു. കേന്ദ്ര എം.എസ്.എം.ഇ. മന്ത്രാലയവും കേരള വ്യവസായ വാണിജ്യ വകുപ്പും സംയുക്തമായാണ് ഏകദിന ശിൽപശാല ഒരുക്കിയത്. സംരംഭകർക്ക് വായ്പാ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും ഉൽപ്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണി കണ്ടെത്താനും ഡിജിറ്റൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താനും ലക്ഷ്യമിട്ടായിരുന്നു പരിപാടി. വ്യവസായ വകുപ്പ് ഡയറക്ടർ വിഷ്ണു രാജ് പി. ഐ.എ.എസ്. സംസ്ഥാനത്തെ പദ്ധതികളുടെ പുരോഗതി റിപ്പോർട്ട് അവതരിപ്പിച്ചു. കേന്ദ്ര എം.എസ്.എം.ഇ. മന്ത്രാലയം ജോയിന്റ് സെക്രട്ടറി കേശവേന്ദ്ര കുമാർ ഐ.എ.എസ്. പദ്ധതികളുടെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു.

ഉൽപ്പന്നങ്ങൾ വിറ്റഴിച്ച ശേഷം പണം ലഭിക്കാൻ നേരിടുന്ന കാലതാമസം ഒഴിവാക്കാൻ 'ട്രേഡ്സ്' പ്ലാറ്റ്ഫോം, എം.എസ്.ഇ. ഒ.ഡി.ആർ. പോർട്ടൽ എന്നിവയെക്കുറിച്ച് ഇൻവോയ്സ് മാർട്ട് പ്രതിനിധികൾ ക്ലാസെടുത്തു. പരിസ്ഥിതി സൗഹൃദ സംരംഭങ്ങൾ: വ്യവസായ ശാലകളെ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് സിഡ്ബി ആവിഷ്കരിച്ച എം.എസ്.ഇ. ജിഫ്റ്റ്, സ്പൈസ് പദ്ധതികളെക്കുറിച്ചും ഇ.എസ്.ജി മാനദണ്ഡങ്ങളെക്കുറിച്ചും ലോകബാങ്ക് പ്രതിനിധികൾ വിശദീകരിച്ചു.

ചെറുകിട സംരംഭകരുടെ ഉൽപ്പന്നങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴി ആഗോള വിപണിയിലെത്തിക്കാൻ സഹായിക്കുന്ന 'ടീം' സ്കീമിനെക്കുറിച്ചും ക്ലാസ് നടന്നു. നാഷണൽ എസ്.സി./എസ്.ടി. ഹബ്ബ് പദ്ധതിയെക്കുറിച്ച് എൻ.എസ്.ഐ.സി.യും, എം.എസ്.എം.ഇ ചാമ്പ്യൻസ് പദ്ധതിയെക്കുറിച്ച് ക്യു.സി.ഐ.യും വിശദീകരണം നൽകി. വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർ ജി. രാജീവ്, തൃശൂർ എം.എസ്.എം ഇ. ഡി.എഫ്.ഒ ജോയിന്റ് ഡയറക്ടർ ജി.എസ് പ്രകാശ്, വ്യവസായ വകുപ്പ് ജോയിന്റ് ഡയറക്ടർ പി. പ്രേംരാജ് തുടങ്ങിയവർ സംസാരിച്ചു.

# ബയർ സെല്ലർ സംഗമം ലഭിച്ചത് 100 കോടിയുടെ ഓർഡറുകൾ; കേക്ക് മുറിച്ച് ആഘോഷം



**കൊച്ചി:** സംസ്ഥാനത്ത് ആദ്യമായി വ്യവസായ വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ സംഘടിപ്പിച്ച ബയർ സെല്ലർ മീറ്റിലൂടെ 100 കോടി രൂപയുടെ ഓർഡറുകൾ സംരംഭകർക്ക് ലഭിച്ചുവെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ്. കേരളത്തിലെ നാനൂറോളം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പങ്കെടുപ്പിച്ചു കൊടുനടന്ന മേളയിൽ 22 ഓളം രാജ്യങ്ങളിൽ നിന്നുമായി 50ലധികം കമ്പനികളാണ് ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനായി എത്തിയതെന്നും മന്ത്രി പറഞ്ഞു.വ്യവസായ വാണിജ്യ വകുപ്പ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കളമശ്ശേരി ചാക്കോളസ് പവലിയനിൽ സംഘടിപ്പിച്ച സംസ്ഥാനതല കേരള അഗ്രോ ഫുഡ്പ്രോ 2026 ന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

നാല് വർഷം പിന്നിടുന്ന 'സംരംഭക വർഷം' (ഇയർ ഓഫ് എന്റർപ്രൈസസ്) പദ്ധതിയിലൂടെ സംസ്ഥാനത്ത് ഇതുവരെ നാല് ലക്ഷത്തിലധികം പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞു. പദ്ധതി തുടങ്ങുമ്പോൾ സംസ്ഥാനത്തെ ഉദ്യം രജിസ്ട്രേഷൻ കേവലം 85,000 മാത്രമായിരുന്നു. നിലവിൽ അത് 17 ലക്ഷത്തിലധികമാണ്. സംരംഭം തുടങ്ങാൻ സൗകര്യമൊരുക്കുക മാത്രമല്ല, അവ വിജയകരമായി മുന്നോട്ട് കൊണ്ടുപോകുന്നതിൽ സംരംഭകർക്ക് പൂർണ്ണ പിന്തുണയാണ് സർക്കാർ നൽകുന്നത്. പൊതുവിതരണ വകുപ്പുമായി ചേർന്ന് കെസ്റ്റോറുകൾ വഴി പ്രാദേശിക സംരംഭകരുടെ ഉൽപ്പന്നങ്ങൾ വിൽക്കാൻ സൗകര്യമൊരുക്കി. നിലവിൽ 40 കോടി രൂപയിലധികം വിറ്റുവരവ് കെസ്റ്റോറുകൾ വഴി സംരംഭകർക്ക് ലഭിക്കുന്നുണ്ട്. ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ സംഘടനയുമായി ചേർന്ന് എല്ലാ ജില്ലകളിലും മാസത്തിലൊരിക്കൽ ഫിനാൻഷ്യൽ പരിശീലന ക്ലാസുകൾ നൽകുന്നുണ്ട്. ബിബിസി സംഗമങ്ങളിലൂടെയും 'കേരള ബ്രാൻഡ്' പദ്ധതിയിലൂടെയും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ആഗോളതലത്തിൽ എത്തിക്കുകയാണ് ലക്ഷ്യം. പത്ത് ഉൽപ്പന്നങ്ങൾക്കായി നിലവിൽ കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ നൽകുന്നുണ്ട്. പ്ലൈവുഡ് മേഖലയിൽ ക്വാളിറ്റി മാനദണ്ഡങ്ങൾ ഉറപ്പാക്കി ഗ്രീൻ പ്ലൈവുഡ് സർട്ടിഫിക്കേഷൻ നൽകി വരുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

കെസ്റ്റോറുകൾക്ക് പിന്നാലെ പൊതുമേഖലയിൽ തുടങ്ങിയ കെഷോപ്പുകൾ വഴി പ്രാദേശിക സംരംഭകരുടെ ഉൽപ്പന്നങ്ങളുടെ വിപണനം കൂടുതൽ വ്യാപിപ്പിക്കുന്നുണ്ട്. നിലവിൽ 40 കോടി രൂപയുടെ വിറ്റുവരവ് ഇത്തരം സ്റ്റോറുകൾ വഴി സംരംഭകർക്ക് ലഭിക്കുന്നുണ്ട്. കാർഷിക മേഖലയിലെ എം.എസ്.എം.ഇകൾക്കായി വൻകിട പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. 2364 കോടി രൂപയുടെ 'കേര' പദ്ധതിയിൽ 506 കോടി രൂപ അഗ്രോ എം.എസ്.എം.ഇകൾക്കായി നീക്കിവച്ചിട്ടുണ്ട്. ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ അഗ്രോ എം.എസ്.എം.ഇകളും ചേർന്നുള്ള പ്രൊഡക്ടീവ് അലയൻസിന് രണ്ട് കോടി രൂപ വരെ ധനസഹായം നൽകി വരുന്നുണ്ടെന്നും ഇൻവെസ്റ്റ്മെന്റ് ഇൻ സബ്സിഡി അടക്കമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.നാല് വർഷം പിന്നിടുന്ന 'സംരംഭക വർഷം' പദ്ധതിയുടെ ചരിത്ര വിജയഘോഷത്തിന്റെ ഭാഗമായി മന്ത്രി കേക്ക് മുറിച്ച് മധുരം പങ്കിട്ടു. ചടങ്ങിൽ വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ് അധ്യക്ഷനായി.

## റോട്ടറി ഇന്റർനാഷണൽ 3205 ഡിസ്ട്രിക്ട് കോൺഫറൻസ് സമാപിച്ചു



**കൊച്ചി:** റോട്ടറി ഇന്റർനാഷണൽ 3205 ഡിസ്ട്രിക്ട് കോൺഫറൻസ് സമാപിച്ചു. രണ്ടു ദിവസങ്ങളിലായി സിയാൽ ട്രേഡ് ഫെയർ ആന്റ് എക്സിബിഷൻ സെന്ററിൽ റിനൈസൻസ് എന്ന പ്രമേയത്തിലാണ് കോൺഫറൻസ് അരങ്ങേറിയത്. സമാപന ചടങ്ങിൽ രവിശങ്കർ ദകൊജു മുഖ്യാതിഥിയായിരുന്നു. ഡിസ്ട്രിക്ട് ഗവർണർ ഡോ. ജി എൻ രമേഷുമായി അദ്ദേഹം ഇന്ററാക്ടീവ് സെഷനിൽ പങ്കെടുത്തു. ഒരു കൈ നൽകുമ്പോൾ മറു കൈ അറിയാൻ പാടില്ലെന്നാണ് ഇന്ത്യൻ തത്വചിന്ത എന്നതിനാൽ ആരും അറിയാതെ സാമ്പത്തിക പങ്കുവെക്കലാണ് താൻ ആഗ്രഹിച്ചതെങ്കിലും റോട്ടറിയിൽ നല്ല പ്രവൃത്തികളും നല്ല ജീവിതമൂല്യങ്ങളും പ്രചരിപ്പിക്കണമെന്നതിനാലും മറ്റുള്ളവരെ പ്രചോദിപ്പിക്കാനുമാണ് തന്റെ സാമ്പത്തിക പങ്കുവെക്കലിനെ കുറിച്ച് പറയേണ്ടി വന്നതെന്ന് രവിശങ്കർ ദകൊജു പറഞ്ഞു. ഹൃദയത്തിൽ നിന്നുള്ള പങ്കിടൽ മനോഭാവം കൊണ്ടാണ് അങ്ങനെ ചെയ്തതെന്നും അദ്ദേഹം പറഞ്ഞു. ആവശ്യത്തിലധികമുണ്ടായാൽ അത് പാഴാകുമെന്നും അതിനാൽ മക്കൾക്ക് പണവും സമ്പാദ്യവുമല്ല നൽകേണ്ടതെന്നും നിങ്ങളുടെ ധൈര്യം, സ്വഭാവം, ദർശനം, മൂല്യങ്ങൾ തുടങ്ങിയവയാണ് കൈമാറേണ്ടതെന്നും രവിശങ്കർ ദകൊജു പറഞ്ഞു. ഡിസ്ട്രിക്ട് കോൺഫറൻസിന്റെ ബാറ്റൺ ജയരാജ് ടി എസിൽ നിന്നും നൈജു ആന്റണി ഏറ്റുവാങ്ങി. റോട്ടറി ഇന്റർനാഷണൽ പ്രസിഡന്റിന്റെ പ്രതിനിധി ഡോ. ദീപക് പുരോഹിത് , എസ് ബി ഗോപാലകൃഷ്ണൻ, പി.എസ് അരവിന്ദ് തുടങ്ങിയവർ സംസാരിച്ചു.

മോട്ടിവേഷണൽ സ്പീക്കർ പ്രൊഫ. ഡോ. ഉഷി മോഹൻദാസ്, അസ്റ്റ് ഹോംസ് സ്ഥാപകനും എം ഡിയുമായ വി. സുനിൽ കുമാർ,സൈബർക്രൈം ഇൻവെസ്റ്റിഗേറ്ററും മോട്ടിവേഷണൽ സ്പീക്കറുമായ ഡോ. ധന്യ മേനോൻ എന്നിവർ വിവിധ വിഷയങ്ങളിൽ സംസാരിച്ചു.യുവ ഇന്ത്യയുടെ ഉയിർത്തെഴുന്നേൽപ്പ് സംസ്ഥാനങ്ങളും സ്റ്റാർട്ടപ്പുകളും യൂണിവേഴ്സിറ്റിയും എന്ന പാനൽ ചർച്ചയിൽ കമൽ കൃഷ്ണൻ മോഡറേറ്ററായിരുന്നു. ബോവർ സ്കൂൾസ് സ്ഥാപകൻ പവൻ അല്ലേന, ജയിൻ യൂണിവേഴ്സിറ്റി ന്യൂ ഇനീഷ്യേറ്റീവ്സ് ഡയറക്ടർ ടോം ജോസഫ് എന്നിവർ പങ്കെടുത്തു.വേണുഗോപാലൻ മേനോൻ, ബാബു ജോസഫ്, കെ സി ഫിലിപ്പ്, ബി ആർ അജിത്ത്, ഷാജു പീറ്റർ എന്നിവർ പ്രസംഗിച്ചു. ആഷ്ന ഷെറിൻ ഗസൽ അവതരിപ്പിച്ചു.

## ഷവോമി പ്രീമിയം സർവീസ് സെന്റർ തുറന്നു



**കൊച്ചി:** ആഗോള ടെക് കമ്പനിയായ ഷവോമി ഇന്ത്യയിൽ പ്രീമിയം സർവീസ് ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്തും പുതിയ സർവീസ് സെന്റർ ആരംഭിച്ചു. രാജ്യത്തുടനീളം 100 പ്രീമിയം സർവീസ് സെന്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ഭാഗമായാണിത്. തിരുവനന്തപുരം, മധുരൈ നഗരങ്ങളിൽ സെന്ററുകൾ തുറന്നതോടൊപ്പം പാറ്റ്ന, ഗാസിയാബാദ്, ബെംഗളൂരുവിലെ രണ്ടാമത്തെ സെന്റർ എന്നിവ അടുത്ത ആഴ്ച പ്രവർത്തനം ആരംഭിക്കും. 2026ലെ ആദ്യ പാദത്തോടെ 15 പുതിയ സെന്ററുകളും പ്രവർത്തനം ആരംഭിക്കും. ഇതോടെ രാജ്യത്ത് ആകെ 25 പ്രീമിയം സർവീസ് സെന്ററുകൾ പ്രവർത്തനക്ഷമമാകും. ബംഗളൂരു, ഹൈദരാബാദ്, കൊച്ചി, ചെന്നൈ, കൊൽക്കത്ത, ഡൽഹി, ജയ്പൂർ, മുംബൈ, പൂനെ, അഹമ്മദാബാദ്, ലുധിയാന, സൂറത്ത്, വിശാഖപട്ടണം, ഇൻഡോർ, ലക്നൗ എന്നി നഗരങ്ങളിൽ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രീമിയം സർവീസ് സെന്ററുകൾ വഴി വേഗത്തിലും വിശ്വസനീയവുമായ സേവനമാണ് കമ്പനി ഉറപ്പാക്കുന്നതെന്നു ഷവോമി ഇന്ത്യ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സുധിൻ മത്തൂർ പറഞ്ഞു.

## പാചകവാതക വിതരണം ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** തൃക്കാക്കര ബോർസ്റ്റൽ സ്കൂളിലേക്ക് ആവശ്യമായ ഗാർഹിക പാചക വാതക സിലിണ്ടറുകൾ വിതരണം ചെയ്യുന്നതിനായി അംഗീകൃത ഗ്യാസ് ഏജൻസികളിൽ നിന്നും മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 18ന് വൈകിട്ട് 4 വരെ. ഫോൺ 0484-2421366.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ചലനശേഷി വീണ്ടെടുക്കാൻ ഇനി റോബോട്ടുകൾ

## ലോകോത്തര റോബോട്ടിക് പുനരധിവാസ ആശുപത്രി വരുന്നു



**പാലക്കാട്:** ആനക്കരയ്ക്കടുത്ത് മലമക്കാവിൽ അത്യാധുനിക റോബോട്ടിക് പുനരധിവാസ ആശുപത്രി വരുന്നു. ആശുപത്രിയുടെ ശിലാസ്ഥാപനം മന്ത്രി എം.ബി. രാജേഷ് നിർവഹിച്ചു. ജിലൈഫ് ഹെൽത്ത്കെയർ പോലുള്ള പദ്ധതികൾ കേരളത്തിന്റെ മെഡിക്കൽ ഇന്നൊവേഷൻ സാധ്യതകളെയാണ് കാണിക്കുന്നതെന്ന് മന്ത്രി എം ബി രാജേഷ് പറഞ്ഞു. സാങ്കേതികവിദ്യയും ആധുനിക സാങ്കേതിക വിദ്യയും സംയോജിപ്പിക്കുന്നതിലൂടെ ശാരീരിക വെല്ലുവിളികൾ നേരിടുന്ന പൗരന്മാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ ആശുപത്രിക്ക് സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു

ജെന്റോബോട്ടിക്സ് സഹസ്ഥാപകൻ ശ്രീ വിമൽ ഗോവിന്ദും, കൊൽക്കത്ത ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ വിദ്യാഭ്യാസ സംരംഭകനാ ശ്രീ ടി.കെ. ഗോപാലനും ചേർന്നാണ് 'ജിലൈഫ്' എന്ന പുതിയ സംരംഭത്തിന് തുടക്കം കുറിച്ചിരിക്കുന്നത്.പക്ഷാഘാതം, നട്ടെല്ലിന് ക്ഷതമേറ്റവർ, അപകടങ്ങൾ മൂലം ചലനശേഷി നഷ്ടപ്പെട്ടവർ, സെറിബ്രൽ പാൾസി, പാർക്കിൻസൺസ് തുടങ്ങിയ അവസ്ഥകളിലുള്ളവർക്ക് ന്യൂറോറീഹാബിലിറ്റേഷനിലൂടെ ചലനശേഷി വീണ്ടെടുക്കാനുള്ള സൗകര്യമാണ് ഇവിടെ ഒരുക്കുന്നത്. മെഡിക്കൽ വൈദഗ്ധ്യവും അത്യാധുനിക റോബോട്ടിക് സാങ്കേതികവിദ്യയും കൃത്യമായ ചികിത്സാ പദ്ധതികളും ഒത്തുചേരുന്നതിലൂടെ രോഗികൾക്ക് മികച്ച പുരോഗതി ഉറപ്പാക്കാൻ ആശുപത്രിക്ക് സാധിക്കും.

ജെന്റോബോട്ടിക്സ് വികസിപ്പിച്ചെടുത്ത, റോബോട്ടിക് ഗെയ്റ്റ് ട്രെയിനിംഗിനായുള്ള 'ജി ഗെയ്റ്റർ' എന്ന അത്യാധുനിക സംവിധാനമായിരിക്കും ഈ ആശുപത്രിയുടെ പ്രധാന സവിശേഷത. കൂടാതെ, ജെന്റോബോട്ടിക്സിന്റെ ഏറ്റവും പുതിയ സാങ്കേതിക വിദ്യകളായ അപ്പർ ബോഡി പുനരധിവാസ റോബോട്ടുകളും ലോകത്താദ്യമായി ജിലൈഫിലൂടെ അവതരിപ്പിക്കും. ചികിത്സയ്ക്കിടയിലും ജോലിയിൽ തുടരാൻ ആഗ്രഹിക്കുന്നവർക്കായി പ്രത്യേക 'വർക്ക് ഫ്രം ഹോം' ഇടങ്ങളും, കൂട്ടിരിപ്പുകാർക്കായി താമസ സൗകര്യങ്ങളും ക്യാമ്പസിനുള്ളിൽ തന്നെ ലഭ്യമാക്കും. കിംസിലെ വിദഗ്ദ്ധരായ ഡോക്ടർമാരുടെ നേരിട്ടുള്ള മേൽനോട്ടത്തിലായിരിക്കും ആശുപത്രി പ്രവർത്തിക്കുക.

സ്വന്തം നാട്ടിൽ അർത്ഥവത്തായ എന്തെങ്കിലും നിർമ്മിക്കുക എന്ന സ്വപ്നത്തിന്റെ സാക്ഷാത്കാരമാണ് ജിലൈഫെന്ന് ജിലൈഫ് ഹെൽത്ത്കെയർ കോഫൗർ ടി. കെ. ഗോപാലൻ പറഞ്ഞു. കിംസിന്റെ ക്ലിനിക്കൽ വൈദഗ്ധ്യവും ഇവിടെ സജ്ജീകരിച്ചിരിക്കുന്ന ജെന്റോബോട്ടിക്സിന്റെ നൂതന സാങ്കേതികവിദ്യയും ഒത്തുചേരുന്നതിലൂടെ, ചലനശേഷി വീണ്ടെടുക്കാൻ പ്രയാസപ്പെടുന്ന രോഗികൾക്ക് മികച്ച ചികിത്സാ പുരോഗതി ഉറപ്പാക്കാൻ സാധിക്കുമെന്ന് കിംസ് കേരള ക്ലസ്റ്റർ ഹെഡ് ആന്റ് സി.ഇ.ഒ ഫർഹാൻ യാസിൻ പറഞ്ഞു.

# എം.എസ് ധോണിയുമായുള്ള കരാർ പുതുക്കി സ്വരാജ് ട്രാക്ടേഴ്സ്

**കൊച്ചി:** മഹീന്ദ്ര ഗ്രൂപ്പിന്റെ ഭാഗമായ സ്വരാജ് ട്രാക്ടേഴ്സ്, ബ്രാൻഡ് അംബാസഡർ എന്ന നിലയിൽ എം.എസ് ധോണിയുമായുള്ള കരാർ പുതുക്കി.

സ്വന്തം കൃഷിയിടത്തിൽ ഉപയോഗിക്കാൻ സ്വരാജ് ട്രാക്ടർ തിരഞ്ഞെടുത്ത മുൻ ഇന്ത്യൻ ക്യാപ്റ്റൻ എന്ന നിലയിലാണ് ധോണി ബ്രാൻഡുമായി ബന്ധപ്പെടുന്നത്. വിശ്വസ്തത, ആധികാരികത, പ്രകടനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സ്വരാജിന്റെ അതേ മൂല്യങ്ങളാണ് എം.എസ് ധോണിയും പ്രതിഫലിപ്പിക്കുന്നതെന്ന് മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡിലെ സ്വരാജ് ഡിവിഷൻ സിഇഒ ഗഗൻജോത് സിങ് പറഞ്ഞു.

# എഐ ആന്റ് സൈബർ ത്രെട്ട് റിസർച്ച് സെന്റർ പ്രഖ്യാപിച്ചു




**കൊച്ചി:** സ്കെയ്ലറും ഇന്ത്യയിലെ ടെലികമ്മ്യൂണിക്കേഷൻ സേവന ദാതാക്കളിലൊന്നായ ഭാരതി എയർടെലും ചേർന്ന് എഐ ആന്റ് സൈബർ ത്രെട്ട് റിസർച്ച് സെന്റർ ഇന്ത്യ ആരംഭിക്കുന്നു. ഭാരതി എന്റർ പ്രൈസസ് സ്ഥാപകനും ചെയർമാനുമായ ഭാരതി മിത്തൽ, റെയിൽവേ, ഇൻഫർമേഷൻ ബ്രോഡ്കാസ്റ്റിങ്ങ് മന്ത്രി അശ്വിനി വൈഷ്ണവ്, സ്കെയ്ലർ ചെയർമാനും സ്ഥാപകനുമായ ജെയ് ചൗധരി എന്നിവർ ചേർന്ന് സെന്റർ അവതരിപ്പിച്ചു.

ഇന്ത്യയുടെ സാമ്പത്തിക, ദേശീയ സുരക്ഷയ്ക്ക് അത്യാവശ്യമായ ടെലികമ്മ്യൂണിക്കേഷൻ, ബാങ്കിങ്, ഊർജം പോലെയുള്ള മേഖലകളേയും വ്യവസായങ്ങളേയും ആസ്തികളേയും കൂടാതെ ഡിജിറ്റൽ ഉപയോക്താക്കളേയും സംരക്ഷിക്കുന്നിനുള്ള ദേശീയ സൈബർ കരുത്ത് കൈവരിക്കുകയാണ് ലക്ഷ്യമെന്ന് ഭാരതി എന്റർ പ്രൈസസ് സ്ഥാപകനും ചെയർമാനുമായ ഭാരതി മിത്തൽ പറഞ്ഞു. ഇന്ത്യയുടെ വളരുന്ന ഡിജിറ്റൽ ഇക്കോസിസ്റ്റത്തെ സംരക്ഷിക്കുന്നതിന് ഞങ്ങളുടെ എഐ ശേഷികളേയും സൈബർസുരക്ഷാ ഗവേഷണത്തേയും സംയോജിപ്പിക്കുമെന്ന് ഭാരതി എയർടെല്ലിന്റെ എക്സിക്യൂട്ടീവ് വൈസ് ചെയർമാനായ ഗോപാൽ വിത്തൽ പറഞ്ഞു. സ്കെയ്ലറും എയർടെല്ലും സ്ഥാപക അംഗങ്ങൾ എന്ന നിലയിൽ ഇന്ത്യയ്ക്കുവേണ്ടി ശക്തവും വേഗവുമുള്ള റിസർച്ച്ടുറെസ്പോൺസ് സംവിധാനം സൃഷ്ടിക്കുന്നതിനായി സ്കെയ്ലറിന്റെ ആഗോള ഇന്റലിജൻസിനെ എയർടെല്ലിന്റെ പ്രാദേശിക ഓപ്പറേഷണൽ റീച്ചുമായി കൂട്ടിയോജിപ്പിക്കും. ഇന്ത്യയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു സ്പെഷ്യലൈസ്ഡ് ഭീഷണി ഗവേഷണ സംഘത്തെ സ്കെയ്ലർ വിന്യസിക്കും. ഈ സംഘം പ്രതിദിനം 500 ബില്ല്യൺ ഇടപാടുകൾ പ്രോസസ്സ് ചെയ്യുന്ന സ്കെയ്ലർ സീറോ ട്രസ്റ്റ് എക്സ്ചേഞ്ച് പ്ലാറ്റ് ഫോമിനെ ഉപയോഗിച്ച് ഇന്ത്യയിലെ പൊതു, സ്വകാര്യ മേഖലകളെ സുരക്ഷിതമാക്കുന്നതിനായി ഭീഷണികളെ വേർതിരിച്ചെടുക്കും. സ്വകാര്യ മേഖലകളിൽ നിന്നുള്ളവരെ സെന്ററുമായി ചേർന്ന് പ്രവർത്തിക്കാനും ഇന്ത്യയിലുടനീളം സൈബർ കരുത്തിനെ ശാക്തീകരിക്കാനും ക്ഷണിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

# സൗന്ദര്യ സംരക്ഷണം: ശിൽപ്പശാല ഇന്ന്

**കൊച്ചി:** സൗന്ദര്യ സംരക്ഷണത്തിന് അന്താരാഷ്ട്ര തലത്തിലെ നവീന രീതികളും സാങ്കേതിക വിദ്യകളും സംബന്ധിച്ച് ഇന്റർനാഷണൽ ഹെയർ സ്റ്റൈലിസ്റ്റ് ജാവേദ് ഹബീബ് നേതൃത്വം നൽകുന്ന ശിൽപ്പശാല ഇന്ന് കൊച്ചിയിൽ നടക്കും. കേരളത്തിലെ ബ്യൂട്ടീഷൻമാരുടെ കൂട്ടായ്മയുടെ നേതൃത്വത്തിൽ സിറ്റി കളക്ഷൻസും ക്ലാമി കോസ്മെറ്റികസും സംയുക്തമായി സംഘടിപ്പിക്കുന്ന ശിൽപ്പശാല രാവിലെ 10 മുതൽ വൈകുന്നേരം നാലു വരെ എറണാകുളം ടൗൺ ഹാളിലാണ് നടക്കുന്നത്. സൗന്ദര്യ സംരക്ഷണ മേഖലയിലെ പുതിയ ട്രെൻഡുകളും പരിചയപ്പെടുത്തും. ആയിരത്തിലധികം പേർ പങ്കെടുക്കുന്ന ശിൽപ്പശാല എറണാകുളം ഡി.സി.സി പ്രസിഡന്റ് മുഹമ്മദ് ഷിയാസ് ഉദ്ഘാടനം ചെയ്യും.

# യുടിഐ: ആസ്തികൾ 12,839 കോടി രൂപ കടന്നു

**കൊച്ചി:** യുടിഐ ലാർജ് ക്യാപ് ഫണ്ട് കൈകാര്യം ചെയ്യുന്ന ആസ്തികൾ 12,839 കോടി രൂപ കടന്നു. ഫണ്ടിന്റെ തുടക്കത്തിൽ നിക്ഷേപിച്ച 10 ലക്ഷം രൂപ 26.27 കോടി രൂപയായി വളർന്നതായും 2026 ജനുവരി 31ലെ കണക്കുകൾ കാണിക്കുന്നു. യുടിഐ ലാർജ് ക്യാപ് ഫണ്ട് ഒരു ഓപ്പൺഎൻഡഡ് ഇക്വിറ്റി സ്കീമാണ്. അതത് മേഖലകളിൽ മത്സരപരമായ മുൻതൂക്കമുള്ള ലാർജ് ക്യാപ് കമ്പനികളിൽ നിക്ഷേപിക്കാനാണ് ഇത് പ്രധാനമായും ലക്ഷ്യമിടുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഗ്രോത്ത് സ്റ്റോക്കുകളും വാല്യൂ സ്റ്റോക്കുകളും ഒരുമിച്ച് ഉൾപ്പെടുത്തി സന്തുലിതവും എല്ലാ വിപണി സാഹചര്യങ്ങളിലും നിലനിൽക്കുന്ന ഇക്വിറ്റി പോർട്ട്ഫോളിയോ സൃഷ്ടിക്കുന്ന നിക്ഷേപ ശൈലിയാണ് പിന്തുടരുന്നത്. അടിസ്ഥാനപരമായി ശക്തമായ കമ്പനികളിൽ നിക്ഷേപിക്കാനാണ് ഈ ഫണ്ട് ലക്ഷ്യമിടുന്നത്.

നിയന്ത്രിത കടബാധ്യതകൾ, സ്ഥിരതയുള്ള വരുമാന വളർച്ച, ലാഭക്ഷമതയിലുള്ള ശ്രദ്ധ, മൂലധനച്ചെലവിനെക്കാൾ ഉയർന്ന മൂലധന ലാഭനിരക്ക്, കൂടാതെ സ്ഥിരമായ ഓപ്പറേറ്റിംഗ് ക്യാഷ്ഫ്ളോ സൃഷ്ടിക്കാൻ ശേഷിയുള്ള സ്ഥാപനങ്ങളെയാണ് ഫണ്ട് മുൻഗണന നൽകുന്നത്. പദ്ധതിയുടെ മൊത്തം നിക്ഷേപത്തിന്റെ 48 ശതമാനവും എച്ച്ഡിഎഫ്സി ബാങ്ക്, ഐസിഐസിഐ ബാങ്ക്, ഇൻഫോസിസ്, റിലയൻസ് ഇൻഡസ്ട്രീസ്, കോട്ടക് മഹീന്ദ്ര ബാങ്ക്, ഭാരതി എയർടെൽ, ലാർസൻ ആൻഡ് ടൂബ്രോ, ബജാജ് ഫിനാൻസ്, ആക്സിസ് ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ തുടങ്ങിയ 10 മുൻനിര കമ്പനികളിലാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# 'റിംസിം ജീര'യെ വീണ്ടും അവതരിപ്പിച്ച് കൊക്കകോള

**കൊച്ചി:** കൊക്കകോള ഇന്ത്യ 'റിംസിം ജീര'യെ പുതിയ ക്യാമ്പയിനോടെ വിപണിയിൽ തിരിച്ചെത്തിച്ചു. ക്യാമ്പയിനിന്റെ ഭാഗമായി, സംഗീതസംവിധായകനായ ആർ.ഡി.ബർമന്റെ ഗാനം 'ദുനിയ മേൻ ലോകോൻ കൊ' പുതുക്കി അവതരിപ്പിച്ചു. ഗാനത്തിലെ 'ബീറാ' എന്ന ഭാഗം 'ജീറാ'യായി മാറ്റിയാണ് പുതിയ പരസ്യം ഒരുക്കിയിരിക്കുന്നത്.

70 വർഷത്തിലധികം പാരമ്പര്യമുള്ള റിംസിം ജീരയെ പുതുമയോടെ തിരിച്ചെത്തിക്കുകയാണ് ലക്ഷ്യമെന്നും ആർ.ഡി. ബർമൻ ഗാനത്തിലെ പുതുക്കിയ സംഗീതഭാഗം കേൾക്കുന്നവരുടെ മനസ്സിൽ പതിയുന്ന തരത്തിലാണെന്നും കമ്പനിയുടെ എമർജിങ് കാറ്റഗറിസ് വിഭാഗം സീനിയർ ഡയറക്ടർ സോബൻജീത് റാഥ് പറഞ്ഞു. ഇന്ത്യൻ അടുക്കളകളിൽ സുപരിചിതമായ ജീരയുടെ രുചിയിലാണ് ഇത് തയ്യാറാക്കിയത്. 250 മില്ലി പാക്കിന് 10 രൂപ എന്ന വിലയിലാണ് ഉൽപ്പന്നം ലഭ്യമാകുന്നത്.

# വിദ്യാർത്ഥികൾക്ക് സൗജന്യപദ്ധതിയുമായി അഡോബ്

**കൊച്ചി:** ഇന്ത്യയിലെ വിദ്യാർത്ഥികൾക്ക് ഫോട്ടോഷോപ്പ്, അക്രോബാറ്റ് പ്രോ, ഫയർഫ്ളൈ എഐ എന്നിവ സൗജന്യമായി ലഭ്യമാക്കുമെന്ന് ഇന്ത്യ എഐ ഇംപാക്ട് സമിറ്റിൽ അഡോബ് പ്രഖ്യാപിച്ചു. അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ വിദ്യാർത്ഥികൾക്ക് എഐ അധിഷ്ഠിത സൃഷ്ടിപരവും ഉൽപാദനക്ഷമത വർധിപ്പിക്കുന്നതുമായ ടൂൾകൾ ലഭ്യമാകും.

നാസ്സ്കോം ഫ്യൂച്ചർസ്കിൽസ് പ്രൈമും ഇലക്ട്രോണിക്സ് ആൻഡ് ഐടി മന്ത്രാലയവുമായി ചേർന്ന് സൗജന്യ എഐ കോഴ്സുകളും സർട്ടിഫിക്കറ്റുകളും നൽകുമെന്ന് സി.ഇ.ഒ ശാന്തനു നാരായൺ അറിയിച്ചു, 'ക്രിയേറ്റ് ഇൻ ഇന്ത്യ' ദർശനത്തിന് ശക്തി പകരുകയും ആനിമേഷൻ, ഗെയിമിംഗ്, ഡിസൈൻ തുടങ്ങി ഡിജിറ്റൽ മേഖലകളിലെ തൊഴിൽ സാധ്യതകൾക്ക് വിദ്യാർത്ഥികളെ സജ്ജരാക്കുകയും ചെയ്യുന്നതാണ് ഈ നീക്കം.

# ഹൃദയം തൊടുന്ന 'കൂടോത്രം'



**കൊച്ചി:** മലയാള സിനിമയിൽ നാളുകൾക്ക് ശേഷം ഇടുക്കിയുടെ മനോഹാരിതയിൽ അച്ഛൻ - മകൾ ബന്ധത്തിന്റെ തീവ്രത വരച്ചുകാട്ടുന്ന ചിത്രമണ് നടൻ ബൈജു എഴുപുന്ന സംവിധാനം ചെയ്ത കൂടോത്രം എന്ന ചിത്രം. വെള്ളിമലയെ സംരക്ഷിക്കാൻ വാവച്ചൻ നടത്തുന്ന ചെറുത്ത് നിൽപ്പും, വിശ്വാസവും അന്ധവിശ്വാസവും തമ്മിലുള്ള പോരാട്ടവുമൊക്കെ ചിത്രത്തിൽ ഉടനീളം നിറഞ്ഞു നിൽക്കുന്നു. ചെറുതും വലുതുമായ വില്ലൻ വേഷങ്ങളിലൂടെ മലയാള പ്രേക്ഷകർക്കിടയിൽ സുപരിതചിതനായ ബൈജു എഴുപുന്നയുടെ സ്വഭാവനടനിലേക്കുള്ള പറിച്ചുനടീലാണ് ചിത്രത്തിൽ എടുത്തു പറയേണ്ട മറ്റൊരു കാര്യം. മലയാള സിനിമയിൽ ജീവിച്ചിരിക്കുന്നതും മൺമറഞ്ഞു പോയതുമായ ഇരുത്തം വന്ന മഹാനടന്മാർ ഒട്ടേറെ തവണ പകർന്നാടിയ കഥാപാത്രങ്ങളുമായി ചിത്രത്തന്റെ കേന്ദ്രബിന്ദുവായ വാവച്ചൻ എന്ന കഥാപാത്രത്തിന് സാമ്യമുള്ളതായി തോന്നാം. വാവച്ചന്റെ സങ്കടങ്ങളും പ്രതിസന്ധികളും അതിജീവനവുമൊക്കെ പ്രേക്ഷക മനസിൽ ഇടം പിടിക്കുന്ന തരത്തിൽ ബൈജു എഴുപുന്ന അവതരിപ്പിക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. വാവച്ചന്റെ സങ്കടം പ്രേക്ഷകർക്ക് സ്വന്തം സങ്കടമായി തോന്നുന്നതും, അവന്റെ മൗനം പോലും പല കുടുംബങ്ങളുടെ യാഥാർത്ഥ്യങ്ങളെ ഓർമ്മിപ്പിക്കുന്നതുമാണ് സിനിമയെ വ്യത്യസ്തമാക്കുന്നത്.



വെള്ളിമലയിൽ ടൂറിസത്തിന്റെ മറവിൽ നടത്താൻ ശ്രമിക്കുന്ന ചൂഷണത്തിനെതിരെ വാവച്ചൻ നടത്തുന്ന ഒറ്റയാൾ പോരാട്ടമാണ് ചിത്രത്തിന്റെ മറ്റൊരു ഹൈലൈറ്റ്. തുടക്കത്തിൽ വാവച്ചനൊപ്പം അവിടുള്ള പലരും നിൽക്കുന്നുണ്ടെങ്കിലും ക്രമേണ അയാൾ ഒറ്റയ്ക്കായി പോകുകയാണ്. ടൂറിസത്തിന്റെ മറവിൽ ഭാവിയിൽ ഹൈറേഞ്ചിൽ നടക്കുവാൻ സാധ്യതയുള്ള ചൂഷണങ്ങളെ ഉയർത്തിക്കാട്ടാനാണ് ചിത്രം ശ്രമിക്കുന്നത്. ചിത്രത്തിന്റെ ക്ലൈമാക്സ് എടുത്തു പറയേണ്ടതു തന്നെയാണ്. അവസാന രംഗങ്ങളിൽ വാവച്ചൻ നടത്തുന്ന പോരാട്ടം ത്രസിപ്പിക്കുന്നതാണ്. വാവച്ചന്റെ ഭാര്യ മേരിയായി എത്തുന്ന ദിയയും ഇരട്ട പെൺമക്കളും, അഞ്ജനയായി എത്തുന്ന റേച്ചൽ ഡേവിഡും, പഞ്ചായത്ത് പ്രസിഡന്റായി എത്തുന്ന വീണാ നായരും ജോഷായായി എത്തുന്ന ഡിനോയ് പൗലോസും എം.എൽ.എയായി എത്തുന്ന സലിം കുമാറും പാസ്റ്ററായി വേഷമിടുന്ന പ്രമോദ് വെളിയനാടും അയൽവാസിയായി വേഷമിടുന്ന അലൻസിയറുമൊക്കെ നടത്തുന്ന പ്രകടനം ചിത്രത്തെ പ്രേക്ഷക മനസിൽ ഇടം പിടിപ്പിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. ഇടുക്കിയുടെ പ്രകൃതിഭംഗി ഒട്ടും ചോർന്നു പോകാതെ പ്രേക്ഷകരിൽ എത്തിക്കുന്നതിൽ ബൈജു എഴുപുന്ന എന്ന സംവിധായകനും ഛായാഗ്രഹണം നിർവ്വഹിച്ചിരിക്കുന്ന ജിബിൻ സെബാസ്റ്റ്യനും ഷിജി ജയദേവനും വിജയിച്ചിട്ടുണ്ട്. സന്തോഷ് ഇടുക്കിയാണ് ചിത്രത്തിന്റെ രചന നിർവ്വഹിച്ചിരിക്കുന്നത്. ബൈജു എഴുപുന്ന സംവിധാനം ചെയ്യുന്ന രണ്ടാമത്തെ ചിത്രമാണ് കൂടോത്രം.

2013 ൽ ഇറങ്ങിയ കെ.ക്യുവാണ് ആദ്യം സംവിധാനം ചെയ്ത ചിത്രം. 13 വർഷങ്ങൾക്കും ശേഷം ചെയ്ത രണ്ടാമത്തെ ചിത്രമായ കൂടോത്രം ബൈജു എഴുപുന്ന എന്ന സംവിധായകന്റെയും നടന്റെയും സിനിമാ ജീവിതത്തിലെ വലിയൊരു ടേണിംഗ് പോയിന്റാണെന്ന കാര്യത്തിൽ സംശയമില്ല.

# ആമസോൺ ബംഗളൂരുവിൽ ഓഫിസ് തുറന്നു



**കൊച്ചി:** ആമസോൺ ബംഗളൂരുവിൽ ഏഷ്യയിലെ രണ്ടാമത്തെ വലിയ കോർപ്പറേറ്റ് ഓഫീസ് ഉദ്ഘാടനം ചെയ്തു. 11 ലക്ഷം ചതുരശ്ര അടി വിസ്തൃതിയുള്ള 12 നിലകളുള്ള ഈ ക്യാമ്പസ് ഇ-കൊമേഴ്സ്, ഓപ്പറേഷൻസ്, പേയ്മെന്റ്സ്, ടെക്നോളജി, സെല്ലർ സർവീസസ് എന്നീ മേഖലകളിൽ 7,000ത്തിലധികം ജീവനക്കാർക്ക് ജോലി ചെയ്യാൻ സൗകര്യമൊരുക്കും.

അഞ്ച് ഏക്കർ സ്ഥലത്ത് നിർമ്മിച്ചിരിക്കുന്ന ഈ കെട്ടിടം കെംപഗൗഡ ഇന്റർനാഷണൽ എയർപോർട്ടിൽ നിന്നും ഏകദേശം 15 കിലോമീറ്റർ അകലെയാണ്. കർണാടക സർക്കാരിന്റെ വൻഇടത്തരം വ്യവസായ, അടിസ്ഥാന സൗകര്യ വികസന വകുപ്പ് മന്ത്രിയായ എം.ബി.പാട്ടീൽ ക്യാമ്പസ് ഉദ്ഘാടനം ചെയ്തു. ഈ പുതിയ ക്യാമ്പസ് സഹകരണം, പഠനം, സൗകര്യപ്രദമായ ജോലി സാഹചര്യങ്ങൾ, ജീവനക്കാരുടെ ക്ഷേമം എന്നിവ ലക്ഷ്യമാക്കി രൂപകൽപ്പന ചെയ്തതാണെന്ന് ആമസോൺ ഇന്ത്യ കൺട്രി മാനേജർ സമീർ കുമാർ പറഞ്ഞു.

ഇന്ത്യയിലെ തുടർച്ചയായ നിക്ഷേപങ്ങളുടെ ഭാഗമാണ് ഈ പദ്ധതിയും. കമ്പനി ഇതിനകം ഇന്ത്യയിൽ 40 ബില്യൺ ഡോളറിലധികം നിക്ഷേപം നടത്തിയിട്ടുണ്ട്. 2030ഓടു കൂടി 35 ബില്യൺ ഡോളർ നിക്ഷേപിക്കുമെന്നും അദ്ദേഹം അറിയിച്ചു.ബംഗളൂരുവിലെ ആമസോണിന്റെ നിക്ഷേപം ഇന്ത്യയുടെ സാങ്കേതിക നവീകരണ ശേഷി വർധിപ്പിക്കുന്നുവെന്നും ഇത്തരത്തിലുള്ള വലിയ ക്യാമ്പസുകൾ ഉയർന്ന നിലവാരമുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നുവെന്നും മന്ത്രി എം.ബി. പാട്ടിൽ പറഞ്ഞു.

# സ്ത്രീകൾക്ക് തൊഴിൽ പരിശീലനം

**കൊച്ചി:** കേന്ദ്ര സർക്കാർ സ്ഥാപനമായ ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷനും ഇസാഫ് ഫൗണ്ടേഷനും ചേർന്ന് സ്ത്രീകൾക്ക് സോപ്പ്, ഷാംപൂ, ഡിറ്റർജന്റ് എന്നീ ഹോം കെയർ ഉൽപന്നങ്ങൾ നിർമിക്കുന്നതിൽ പരിശീലനം നൽകുന്നു. മാർച്ച് 2, 3, 4 തീയതികളിൽ കൊച്ചിയിലെ ഇസാഫ് ഫൗണ്ടേഷൻ ട്രെയിനിംഗ് സെന്ററിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് 9072600771 എന്ന നമ്പറിൽ വിളിക്കുക.

